# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 147 18.03.2013- ൽ മറുപടിക്ക്**

**പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ: കെ. മുരളീധരൻ | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള പഠന റിപ്പോർട്ട് നിലവിലുണ്ടോ; | (എ) സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽനിർമ്മാണശാല സ്ഥാപിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി കൊച്ചിൻ ഷിപ്പ് യാർഡ് തയ്യാറാക്കിയ സാദ്ധ്യതാപഠന റിപ്പോർട്ട് നിലവിലുണ്ട്. |
| (ബി) പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ശുപാർശ ചെയ്തിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; | (ബി) പൂവാറിൽ കപ്പൽനിർമ്മാണശാല സ്ഥാപിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ശുപാർശ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തുറമുഖ വകുപ്പിന്റെ 10.01.2013-ലെ യോഗത്തിൽ പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; | (സി) യും (ഡി) യും | കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ പഠന റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്നതിനായി 10.01.2013-ൽ ചേർന്ന യോഗത്തിൽ ഇക്കാര്യം പിന്നീട് പരിഗണിക്കാമെന്നുള്ള തീരുമാനമാണെടുത്തിട്ടുള്ളത്. പൂവാറിൽ അന്താരാഷ്ട്ര കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നതിന് ഭാരിച്ച ചെലവ് വേണ്ടി വരും. ഈ ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരുന്ന സാഹചര്യത്തിൽ വിശദമായി പരിശോധിച്ചു വരുന്നു. |
| (ഡി) | പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ